4433
5/3/16

# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - സ്റ്റേറ്റ് ലെവൽ ഉപദേശക സമിതിയിലേക്ക് അനൗദ്യോഗിക അംഗങ്ങളെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(പി) നം. 3/2016/വനം. തീയതി, തിരുവനന്തപുരം, 3.03.2016.

---

പരാമർശം :-
1. 25.02.2013 ലെ സ.ഉ.(പി)15/2013/വനം നമ്പർ ഉത്തരവ്
2. 09.09.2015 ലെ സ.ഉ.(പി)66/2015/വനം നമ്പർ ഉത്തരവ്
3. 28.10.2015 ലെ സ.ഉ.(പി)83/2015/വനം നമ്പർ ഉത്തരവ്
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസറുടെ 02.12.2015, 19.02.2016 എന്നീ തീയതികളിലെ 10512 A/2014 നമ്പർ കത്തുകൾ.

## ഉത്തരവ്

കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാമിൽ & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്), 2012 അനുശാസിക്കും വിധം പരാമർശം ഒന്നു പ്രകാരം സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റിയിലേക്ക് ഔദ്യോഗിക അനൗദ്യോഗിക അംഗങ്ങളെ തെരഞ്ഞെടുത്ത് ഉത്തരവായിരുന്നു. ടി ഉത്തരവു പ്രകാരം സാമിൽ ഉടമകളുടെ പ്രതിനിധിയായി ശ്രീ. എ.ജെ. തോമസിനെയും മറ്റു തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകളുടെ പ്രതിനിധിയായി ശ്രീ. റ്റി. നാസറുദ്ദീനെയും തെരഞ്ഞെടുത്തിരുന്നു.

എന്നാൽ മറ്റു തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകളുടെ പ്രതിനിധിയായ ശ്രീ. റ്റി. നാസറുദ്ദീൻ സ്ഥിരമായി ഒരു യോഗത്തിലും പങ്കെടുക്കാതിരുന്നതിനാൽ പരാമർശം മൂന്നിലെ ഉത്തരവു പ്രകാരം ടിയാനെ മാറ്റി പകരം ശ്രീ റ്റി.ആർ.ബാലനെ തെരഞ്ഞെടുത്തിരുന്നു.

2015 ലെ കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാമിൽ & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) അമെന്റ്മെന്റ് റൂൾസ് പ്രകാരം അഡ്വൈസറി കമ്മിറ്റിയിലേക്ക് സാമിൽ ഉടമകളുടെയും മറ്റു തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകളുടെയും പ്രതിനിധികളുടെ എണ്ണം ഒന്നിൽ നിന്നും രണ്ടായി ഉയർത്തിയിരുന്നു. സ്റ്റേറ്റ് ലെവൽ

അഡൈ്വസറി കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി 24.02.2016 ൽ അവസാനിക്കുന്നതിനാൽ പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് പരാമർശം നാല് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ)& നോഡൽ ഓഫീസർ സർക്കാരിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം ഒന്ന് പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ലെവൽ അഡൈ്വസറി കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളായി, മൂന്ന് വർഷക്കാലാവധിയിൽ താഴെപ്പറയുന്നവരെ തെരഞ്ഞെടുത്ത് ഉത്തരവാകുന്നു.

<u>സാമിൽ ഉടമകളുടെ പ്രതിനിധികൾ</u>

1. ശ്രീ. എ. സലാഹുദ്ദീൻ, M/s സലാഹ് സാമിൽ & നൂറാം സാമിൽ, പാത്തപ്പിരിയം പി.ഒ., മലപ്പുറം - 676 541.
2. ശ്രീ. എ.ജെ. തോമസ് , സെന്റ് ജോസഫ് വുഡ് ഇൻഡസ്ട്രീസ്, ഇരവിനെല്ലൂർ, പുതുപ്പള്ളി, കോട്ടയം - 686 106.

<u>മറ്റ് തടിയധിഷ്ഠിത യൂണിറ്റുകളുടെ പ്രതിനിധികൾ</u>

1. ശ്രീ. റ്റി.ആർ.ബാലൻ, തോട്ടകത്തു സാമിൽ & വുഡ് ഇൻഡസ്ട്രീസ്, വെള്ളൂപ്പറമ്പ്, പെരുമ്പായിക്കാട് പി.ഒ., പാറാമ്പുഴ, കോട്ടയം.
2. ശ്രീ. എം.എം. മുജീബ് റഹ്മാൻ, ഓൾ കേരള പ്ലൈവുഡ് & ബ്ലോക്ക് ബോർഡ് മാനുഫാക്ചേഴ്സ് അസോസിയേഷൻ, സിറ്റി എസ്റ്റേറ്റ്, 2-ാം നില, എം.സി. റോഡ്, പെരുമ്പാവൂർ - 683 542.

അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത / ദിന ബത്ത, പരാമർശം ഒന്നിലെ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
പി.മാരപാണ്ഡ്യൻ,
അഡിഷണൽ ചീഫ് സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
നിയമവകുപ്പ് / വ്യവസായ വകുപ്പ് / ധനകാര്യ വകുപ്പ്
ഡയറക്ടർ, ഇൻഡസ്ട്രീസ് & കൊമേഴ്സ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി,തൃശ്ശൂർ.
ശ്രീ. എ. സലാഹുദ്ദീൻ, M/s സാലാഹ് സാമിൽ & സൂനാ സാമിൽ, പാത്തപ്പിരിയം പി.ഒ., മലപ്പുറം - 676 541.
ശ്രീ. എ.ജെ. തോമസ്, സെന്റ് ജോസഫ് വുഡ് ഇൻഡസ്ട്രീസ്, ഇരവിനെല്ലൂർ, പുതുപ്പള്ളി, കോട്ടയം - 686 106.
ശ്രീ. റ്റി.ആർ.ബാലൻ, തോട്ടകത്തു സാമിൽ & വുഡ് ഇൻഡസ്ട്രീസ്, വെള്ളൂപ്പറമ്പ്, പെരുമ്പായിക്കാട് പി.ഒ., പാറാമ്പുഴ, കോട്ടയം.
ശ്രീ. എം.എം. മുജീബ് റഹ്മാൻ, ഓൾ കേരള പ്ലൈവുഡ് & ബ്ലോക്ക് ബോർഡ് മാനുഫാക്ചേഴ്സ് അസോസിയേഷൻ, സിറ്റി എസ്റ്റേറ്റ്, 2-ാം നില, എം.സി. റോഡ്, പെരുമ്പാവൂർ - 683 542.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്. ( web & media)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

Chitra
സെക്ഷൻ ഓഫീസർ.